മലയാള മനോരമ
ESTABLISHED 1888
13 November 2017

# മൽസ്യ മേഖലയിൽ ഇൻഷുറൻസ് കാര്യക്ഷമമല്ല: സിഎംഎഫ്ആർഐ

കൊച്ചി ● മൽസ്യ മേഖലയിൽ ഇൻഷുറൻസ് പരിരക്ഷ കാര്യക്ഷമമല്ലെന്നു കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രത്തിന്റെ (സിഎംഎഫ്ആർഐ) പഠന റിപ്പോർട്ട്. മൽസ്യത്തൊഴിലാളികളും കർഷകരും ഇൻഷുറൻസ് ഇല്ലാത്തതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം നേരിടുകയാണ്. മറ്റു കാർഷിക മേഖലകളെ അപേക്ഷിച്ചു മൽസ്യ മേഖലയിൽ ഇൻഷുറൻസ് പോളിസികൾ വളരെ കുറവാണ്. കടലിൽ മീൻപിടിക്കുന്നവർക്കുള്ള അപകട ഇൻഷുറൻസ് പരിരക്ഷ മാത്രമാണു നിലവിലുള്ളത്. മീൻപിടിത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാട്, തീരദേശ ജംഗമവസ്തുക്കൾക്കു സംഭവിക്കുന്ന നാശനഷ്ടം എന്നിവയ്ക്കും പരിമിതമായ അളവിൽ ഇൻഷുറൻസുണ്ട്. മൽസ്യങ്ങൾ വൻതോതിൽ ഇല്ലാതാകുന്നതുകൊണ്ടുള്ള നഷ്ടം, കടലിൽ കൃഷിചെയ്യാനുപയോഗിക്കുന്ന കൂടുകൾക്കു സംഭവിക്കുന്ന കേടുപാട്, മൽസ്യകൃഷിയിൽ സംഭവിക്കുന്ന നഷ്ടം എന്നിവയ്ക്കു രാജ്യത്തെവിടെയും ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. ഷിനോജ് പാറപ്പുറത്തിന്റെ നേതൃത്വത്തിൽ നടന്ന പഠനം കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഒഡീഷ സംസ്ഥാനങ്ങളിലെ 14 മീൻപിടിത്ത കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. കേരളത്തിലെയും തമിഴ്നാട്ടിലെയും മൽസ്യ കർഷകരുടെ അവസ്ഥയും പഠനവിധേയമാക്കി. ഇൻഷുറൻസ് പോളിസികൾ മൽസ്യത്തൊഴിലാളിസമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനു സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ താൽപര്യമെടുക്കാത്തതും ഈ രണ്ടു വിഭാഗവും തമ്മിലുള്ള വിശ്വാസക്കുറവും പ്രശ്നം സങ്കീർണമാക്കുന്നു. കൂടാതെ, ഉയർന്ന പ്രീമിയവും ഭാഗികമായ കേടുപാടുകൾക്ക് പരിരക്ഷ ലഭിക്കാത്തതും നടപടിക്രമങ്ങളിലെ സങ്കീർണതയും മൽസ്യത്തൊഴിലാളികളെ ഇൻഷുറൻസ് എടുക്കുന്നതിൽ നിന്നും അകറ്റുന്നു.

കേരളത്തിൽ ഒരിടത്തു മാത്രമാണ് മൽസ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ളതായി കണ്ടത്. തമിഴ്നാട്ടിൽ, തീരദേശ മേഖലയിൽ വസിക്കുന്നവരുടെ പുരയിടം, ജംഗമവസ്തുക്കൾ എന്നിവയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ നേടിയവർ 14 ശതമാനമാണ്. ബോട്ടുകൾക്കു കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിൽ വളരെ കുറഞ്ഞ അളവിലാണ് ഇൻഷുറൻസ് ഉള്ളത്. അതേസമയം വ്യക്തിഗത അപകട ഇൻഷുറൻസ് കേരളത്തിൽ 80 ശതമാനം പേർ ഉറപ്പു വരുത്തിയിട്ടുണ്ട്.